# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 472 18/11/2019 ൽ മറുപടിയ്ക്ക്

## ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി

ചോദ്യം

ശ്രീ. സി. കെ. ശശീന്ദ്രൻ
ശ്രീ. രാജു എബ്രഹാം
ശ്രീ. എം. നൗഷാദ്
ശ്രീ. എ. പ്രദീപ്കുമാർ

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാരിന്റെ വികസന-ക്ഷേമ കാഴ്ചപ്പാടിന് അനുസൃതമായി വികസന ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി സർക്കാർ ഉദ്യോഗസ്ഥരുടെ കാഴ്ചപ്പാടിലും ഇടപെടലിലും കാര്യക്ഷമതയും പരിവർത്തനവും സൃഷ്ടിക്കുന്നതിന് പരിശീലന നയം രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. പരിഷ്കരിച്ച സംസ്ഥാന പരിശീലന നയം സർക്കാർ അംഗീകരിച്ച് 13.07.2017-ലെ സ.ഉ.(അച്ചടി) 9/2017/ഉ.ഭ.പ.വ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | തദനുസൃതം പരിശീലന പദ്ധതി പുന:സംഘടിപ്പിച്ചിട്ടുണ്ടോ; | (ബി) | പരിഷ്കരിച്ച സംസ്ഥാന പരിശീലന നയം പ്രകാരമാണ് നിലവിൽ പരിശീലനം നൽകി വരുന്നത്. |
| (സി) | ജനങ്ങളുടെ ആവശ്യങ്ങളിൽ വേഗം തീർപ്പുകൽപ്പിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ആധുനിക സാങ്കേതികവിദ്യാധിഷ്ഠിതമായ സംവിധാനങ്ങളെക്കുറിച്ച് അറിയിക്കാമോ; | (സി) | പൊതുജനങ്ങൾക്ക് നേരിട്ടോ അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ അപേക്ഷിച്ച് വേഗത്തിൽ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്ന സംവിധാനമായ ഇ-ഡിസ്ട്രിക്ട് പദ്ധതി റവന്യൂ വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. ഫയൽ നീക്കവും ഫയലിലെ നടപടിക്രമങ്ങളും വേഗത്തിലാക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം സെക്രട്ടേറിയറ്റിലും ചില ഡയറക്ടറേറ്റുകളിലും കളക്ടറേറ്റുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് എവിടെ നിന്നും പരാതി സമർപ്പിക്കുന്നതിനും പരാതികളിൽ വേഗത്തിൽ പരിഹാരമുണ്ടാക്കുന്നതിനുമായി CMO പോർട്ടൽ എന്ന ഒരു വെബ് പോർട്ടൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | എൻ.ഐ.സി മുഖേന നടപ്പിലാക്കിയ ഇ-ഓഫീസ് സോഫ്റ്റ് വെയറിന് വേഗതക്കുറവ്, കുറഞ്ഞ ഉപയോക്തൃ സൗഹൃദം, സോഫ്റ്റ് വെയറിൽ ഉപയോഗിച്ചിരിക്കുന്ന സാങ്കേതിക വിദ്യയുടെ കാലപ്പഴക്കം മൂലമുള്ള സാങ്കേതിക പ്രശ്നങ്ങൾ, തുടങ്ങിയ പോരായ്മകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ